നം.ബി2/170/2024/സി ഇ ഇ

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
KSRTC ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില)
തമ്പാനൂർ, തിരുവനന്തപുരം-695001

**വിജ്ഞാപനം**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്**

തിരുവനന്തപുരം, പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സിസ്റ്റം മാനേജർ, സീനിയർ സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. സംസ്ഥാന സർക്കാർ സർവ്വീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തതുല്യമായ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് മേൽ ഒഴിവുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**1.സിസ്റ്റം മാനേജർ - (ഒഴിവ് – 1)**

സംസ്ഥാന സർക്കാർ സർവ്വീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തതുല്യമായ തസ്തികയിൽ ജോലി ചെയ്യുന്ന ചുവടെ ചേർക്കുന്ന യോഗ്യത ഉള്ളവർക്ക് ടി തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

**Qualifications**

B-Tech (Electrical/Electronics /Computer Science) B-Tech (any discipline with specialisation in Computers (ie. PGDCA or equivalent) with 2 years experience in Data processing/Software development (Preferably in LAMP Platform)

OR

B-Tech (any discipline) with minimum 3 years experience in Data processing /Software development (Preferably in LAMP Platform)

OR

MCA/ MSc with specialisation in Electronics/ Physics / Computer Science /Maths /Statistics with minimum 3 years experience in Data processing /Software development (Preferably in LAMP Platform)

**2.സീനിയർ സൂപ്രണ്ട് - (ഒഴിവ് – 1)**

(ശമ്പള സ്കെയിൽ -51400-110300)

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ സമാന ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

**3.ഓഫീസ് അറ്റൻഡൻറ് - (ഒഴിവ് – 1)**

(ശമ്പള സ്കെയിൽ -23000-50200)

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ സമാന ശമ്പള സ്കെയിലിൽ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

താൽപ്പര്യമുള്ള ജീവനക്കാർ അപേക്ഷയും, കെ.എസ്.ആർ-144 അനുസരിച്ചുള്ള പ്രൊഫോർമയും, ബയോഡേറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ ഓഫീസ് മേലധികാരികൾ മുഖേന **2025** ജനുവരി **31** ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, **KSRTC** ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില), തമ്പാനൂർ തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

Signed by
Sudhir K
Date: 16-01-2025 22:12:24

**പ്രവേശനപരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**16-01-2025**